**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 743** **14-01-2021 - ൽ മറുപടിയ്ക്ക്**

**ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .സി .കെ .ശശീന്ദ്രൻ | | **Shri A. K. Balan**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് കൽപ്പറ്റ മണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക സമുദായക്ഷേമ വകുപ്പ് നടപ്പിലാക്കി വരുന്ന ക്ഷേമപദ്ധതികളും പ്രവർത്തനങ്ങളും വിശദമാക്കാമോ; ഇതിനായി വിനിയോഗിച്ച തുക സഹിതം വിശദമാക്കുമോ; | (എ) | പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന കൽപ്പറ്റ മണ്ഡലത്തിൽ നടപ്പിലാക്കിയ ക്ഷേമ പദ്ധതികളുടെയും ചെലവഴിച്ച തുകയുടെയും വിവരം അനുബന്ധം (1) ആയി ചേർക്കുന്നു. പട്ടികജാതി വികസന വകുപ്പ് മുഖേന കൽപ്പറ്റ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരം അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു. പിന്നാക്ക വിഭാഗ വികസന വകുപ്പ് മണ്ഡലത്തിൽ മാത്രമായി പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. |
| (ബി) | പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവകുപ്പിന്റെ ചികിത്സാധനസഹായപദ്ധതി പ്രകാരം ഈ സർക്കാരിന്റെയും കഴിഞ്ഞ സർക്കാരിന്റെയും കാലത്ത് ഓരോ വിഭാഗത്തിനും അനുവദിച്ച തുക എത്രയെന്ന് വിശദമാക്കാമോ; ഈ സർക്കാരിന്റെ കാലത്ത് കൽപ്പറ്റ മണ്ഡലത്തിൽ ഓരോ വിഭാഗത്തിനും അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ഗുണഭോക്താക്കളുടെ ലിസ്റ്റ് സഹിതം നൽകാമോ; | (ബി) | പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ചികിത്സാ ധനസഹായ പദ്ധതി പ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 10,47,96,239/- രൂപയും ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ 17,89,00,000/- രൂപയും അനുവദിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് കൽപ്പറ്റ മണ്ഡലത്തിൽ ചികിത്സാ ഇനത്തിൽ നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു. ധനസഹായം എല്ലാ വിഭാഗത്തിലുംപ്പെട്ട പട്ടികവർഗ്ഗക്കാർക്ക് അനു വദിക്കുന്നതിനാൽ ഓരോ വിഭാഗത്തിനും അനുവദിച്ച തുക പ്രത്യേകമായി രേഖപ്പെടുത്തി സൂക്ഷിച്ചു വരുന്നില്ല. (വർഷം, ഗുണഭോക്താക്കളുടെ എണ്ണം, അനുവദിച്ച തുക) ക്രമത്തിൽ 2016-17 - 1017 - 3436993, 2017-18 - 713 - 4443875, 2018-19 - 1070 - 5646222, 2019-20 - 1156 - 4285193, 2020-21 - 1085 - 2697330, ആകെ - ഗുണ ഭോക്താക്കളുടെ എണ്ണം 5041, ആകെ അനുവദിച്ച തുക - 2,05,09,613 പട്ടികജാതി വികസന വകുപ്പിന്റെ ചികിത്സാ ധനസഹായ പദ്ധതി പ്രകാരം പട്ടിക ജാതി വിഭാഗത്തിന് ഈ സർക്കാരിന്റെയും, കഴിഞ്ഞ സർക്കാരിന്റെയും കാലത്ത് അനുവദിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു. വർഷം, |

| | | | |
|---|---|---|---|
| | | | തുക (രൂപ) ക്രമത്തിൽ 2011-12 61536970.00, 2012-13 104676469.00, 2013-14 179912265.00, 2014-15 270688783.00, 2015-16 403258294.00, ആകെ - 1,02,00,72,781.00 രൂപ വർഷം തുക (രൂപ) ക്രമത്തിൽ 2016-17 - 459928104.00, 2017-18 - 366091700.00, 2018-19 – 297011140.00, 2019-20 – 305160626.00, 2020-21 - 170753957.00, ആകെ - 1,59,89,45,527.00 രൂപ പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ഈ സർക്കാരിന്റെ കാലത്ത് കൽപ്പറ്റ മണ്ഡലത്തിൽ ഓരോ വിഭാഗത്തിനും അനുവദിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധം (3) ആയി ചേർത്തിരിക്കുന്നു. പിന്നാക്ക വിഭാഗ വികസന വകുപ്പ് ചികിത്സാ ധനസഹായ പദ്ധതികളൊന്നും തന്നെ നടപ്പിലാക്കുന്നില്ല. |
| (സി) | ആദിവാസി ഭൂമി വിതരണവുമായി ബന്ധപ്പെട്ട് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; വയനാട് ജില്ലയിൽ ഈ സർക്കാരിന്റെ കാലത്ത് എത്ര ആദിവാസി കുടുംബങ്ങൾക്ക് എത്ര ഏക്കർ ഭൂമി അനുവദിച്ചു; താലൂക്ക് അടിസ്ഥാനത്തിൽ വിവരങ്ങൾ നല്കാമോ; | (സി) | പട്ടികവർഗ്ഗക്കാർക്ക് വനാവകാശ നിയമം, നിക്ഷിപ്തവനഭൂമി വിതരണം, ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്ന പദ്ധതി, ലാന്റ് ബാങ്ക് പദ്ധതി എന്നീ പദ്ധതികൾ വഴി റ്റി.ആർ.ഡി.എം. മുഖേന ഭൂമി അനുവദിക്കുന്നതിന് വിശദവിവരം അനുബന്ധം (4) ആയി ചേർക്കുന്നു. വയനാട് ജില്ലയിൽ വനാവകാശ നിയമ പ്രകാരം 80 പേർക്കും, നിക്ഷിപ്ത വനഭൂമി 458 പേർക്കും, ഭൂമി വിലയ്ക്ക വാങ്ങി നൽകുന്ന പദ്ധതി പ്രകാരം 185 പേർക്കും ഭൂമി നൽകിയിട്ടുണ്ട്. മാനന്തവാടി താലൂക്ക് - നിക്ഷിപ്ത വനഭൂമി പ്രകാരം 101 പേർക്ക് 12.32 ഏക്കർ, ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്ന പദ്ധതി പ്രകാരം 7 പേർക്ക് 2.79 ഏക്കർ // സുൽത്താൻ ബത്തേരി താലൂക്ക് - നിക്ഷിപ്ത വനഭൂമി പ്രകാരം 54 പേർക്ക് 7.81 ഏക്കർ, ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്ന പദ്ധതി പ്രകാരം 110 പേർക്ക് 1.10 ഏക്കർ, വനാവകാശം പ്രകാരം 20 പേർക്ക് 11.12 ഏക്കർ // വൈത്തിരി താലൂക്ക് - നിക്ഷിപ്ത വനഭൂമി പ്രകാരം 303 പേർക്ക് 139.2 ഏക്കർ, ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്ന പദ്ധതി പ്രകാരം 68 പേർക്ക് 8.61 ഏക്കർ, വനാവകാശം പ്രകാരം 60 പേർക്ക് 31.28 ഏക്കർ// |
| (ഡി) | ആദിവാസികൾക്ക് ഭൂമി കണ്ടെത്തുന്നതിന് രൂപീകരിച്ച ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; ഈ ടാസ്ക് ഫോഴ്സ് എത്ര ഏക്കർ ഭൂമി വയനാട് ജില്ലയിൽ കണ്ടെത്തിയിട്ടുണ്ട്; വിശദമാക്കാമോ? | (ഡി) | വിലയിരുത്തിയിട്ടുണ്ട്. വയനാട് ജില്ലയിൽ ഭൂരഹിത പട്ടിക വർഗ്ഗക്കാർക്ക് നിക്ഷിപ്ത വനഭൂമി നൽകുന്നത് സംബന്ധിച്ച് 30.12.2020-ന് ചേർന്ന യോഗ പ്രകാരം 82.7276 ഹെക്ടർ ഭൂമി വിതരണത്തിനായി അവശേഷിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ